ഹരിതകേരളം മിഷൻ
കേരള സർക്കാർ

11.02.2020

# പത്രക്കുറിപ്പ്

## പോലീസ് സ്റ്റേഷനുകളിലും പച്ചത്തുരുത്ത്
## ഉദ്ഘാടനം നാളെ (13.02.2020 വ്യാഴം) പാങ്ങോട്

- **സംസ്ഥാനത്ത് പച്ചത്തുരുത്ത് സൃഷ്ടിക്കുന്ന ആദ്യ പോലീസ് സ്റ്റേഷൻ**

സംസ്ഥാനത്ത് 1000 പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാർ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച പച്ചത്തുരുത്ത് പദ്ധതിയിൽ പോലീസ് സ്റ്റേഷനുകളിലും പച്ചത്തുരുത്ത് ഒരുങ്ങുന്നു. ഇതിന്റെ ഭാഗമായി ആദ്യ പച്ചത്തുരുത്ത് പാങ്ങോട് പോലീസ് സ്റ്റേഷൻ വളപ്പിൽ നാളെ (13.02.2020 വ്യാഴം) ഉദ്ഘാടനം ചെയ്യുന്നു. വാമനപുരം ബ്ലോക്ക് പരിധിയിൽ വരുന്ന പാങ്ങോട് പഞ്ചായത്തിലെ പോലീസ് സ്റ്റേഷൻ വളപ്പിൽ 30 സെന്റ് സ്ഥലത്ത് മൂന്ന് ഭാഗങ്ങളിലായാണ് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്. സംസ്ഥാനത്ത് പച്ചത്തുരുത്ത് സൃഷ്ടിക്കുന്ന ആദ്യ പോലീസ് സ്റ്റേഷനാണ് പാങ്ങോട്. പ്രാദേശിക ജൈവവൈവിധ്യത്തിനനുയോജ്യമായ വൃക്ഷ-ഫല വൃക്ഷത്തൈകളാണ് ഇവിടെ നട്ടുപിടിപ്പിക്കുന്നത്. തൊഴിലുറപ്പ് തൊഴിലാളികളുടെ നേതൃത്വത്തിൽ മുള കൊണ്ടും ഈറ കൊണ്ടും ഇതിനകം തന്നെ പച്ചത്തുരുത്ത് പ്രദേശത്തിന് മനോഹരമായി അതിർത്തി തീർത്തുകഴിഞ്ഞു.

നാളെ (13.02.2020 വ്യാഴം) വൈകുന്നേരം നാലുമണിക്ക് വാമനപുരം എം.എൽ.എ., ഡി.കെ. മുരളി പാങ്ങോട് പോലീസ് സ്റ്റേഷൻ വളപ്പിലെ പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ് ഗീത അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹരിതകേരളം മിഷൻ ടെക്നിക്കൽ ഓഫീസർ ഹരിപ്രിയാദേവി പദ്ധതി വിശദീകരണം നടത്തും. പാങ്ങോട് സ്റ്റേഷൻ മേധാവി സർക്കിൾ ഇൻസ്പെക്ടർ സുനീഷ്, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഡി.ഹുമയൂൺ, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, സാമൂഹ്യ സാംസ്കാരിക സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

പൊതുസ്ഥലങ്ങളിലുൾപ്പെടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വനമാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് *പച്ചത്തുരുത്ത്* പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിത ഗൃഹവാതകങ്ങളുടെ സാന്നിധ്യംകൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്നതിനും പച്ചത്തുരുത്തുകൾക്ക് വലിയ പങ്ക് വഹിക്കാനാകും. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി വർത്തിക്കുന്ന പച്ചത്തുരുത്തുകൾ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും ഉറപ്പാക്കും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

ടി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം–695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in
M1048